**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3464** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച ഫയലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പുതിയറ കൃഷിഭവൻ ഓഫീസിൽ ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച ഫയലുകൾ തീർപ്പാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കോഴിക്കോട് ജില്ലയിലെ പുതിയറയിൽ പ്രവർത്തിക്കുന്ന കോഴിക്കോട് കോർപ്പറേഷൻ കൃഷി ഭവന്റെ പരിധിയിലുള്ള 11 വില്ലേജുകളിലെ ഡാറ്റാ ബാങ്കുകളിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് ലഭിച്ച 2646 അപേക്ഷകളിൽ ഇനി 428 അപേക്ഷകൾ കൂടി തീർപ്പാക്കാനുണ്ട്. ആവശ്യമായ ജീവനക്കാരുടെ അപര്യാപ്തത മൂലമാണ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിട്ടത് . ആയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ 4 കൃഷി അസിസ്റ്റന്റുമാരെ അപേക്ഷകൾ പരിശോധിച്ച് നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ കൃഷി ഭവനിലേയ്ക്ക് സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ചിട്ടുണ്ട്. അപേക്ഷകളിന്മേൽ സ്ഥല പരിശോധന ത്വരിതഗതിയിൽ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത ഫയലുകൾ എപ്പോൾ തീർപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത അപേക്ഷകൾ നവംബർ 30 നകം തീർപ്പാക്കുന്നതിനാണ് ലക്ഷ്യമിട്ടുന്നത്. |
| (സി) | ഇതു മൂലം കെട്ടിടം നിർമ്മിക്കുന്നതിന് പൊതുജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | അവശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുമ്പോൾ തീർപ്പാക്കുന്നതിൽ ഉണ്ടായ കാലതാമസം മൂലം പൊതു ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടിന് പരിഹാരമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ